# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3447 16.12.2015-ൽ മറുപടിയ്ക്ക്

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതിയിൽ ഭേദഗതി</u>**

| ചോദ്യം<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.ജെയിംസ് മാത്യു | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മുൻഭരണ സമിതി രൂപവൽക്കരിച്ച വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്താൻ പുതുതായി നിലവിൽ വന്ന ഭരണ സമിതികൾക്ക് അനുവാദം നൽകുമോ; | (എ) & (ബി) | മുൻഭരണ സമിതി രൂപവൽക്കരിച്ച വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത വിഷയത്തെ സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ; | | |
| (സി) | പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾക്ക് വിലക്കയറ്റം നേരിടുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ പ്രാദേശികമായി അവയുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ പദ്ധതിയുടെ ഭേദഗതിക്ക് അനുവാദം നൽകുന്നത് ഉചിതമായിരിക്കില്ലേ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖയിൽ ഉല്പാദന മേഖലയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്. കൃഷി ഉൾപ്പെടെയുള്ള ഉല്പാദന മേഖലയ്ക്ക് 2015-16 പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ